## ശിൽപ്പശാല ഒക്ടോബർ 4ന്

# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശബ്ദാവലികൾ പരിഷ്കരിക്കും

**തിരുവനന്തപുരം**

മലയാളത്തെ വൈജ്ഞാനിക ഭാഷയായി വളർത്തുന്നതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1969മുതൽ പ്രസിദ്ധീകരിച്ചുവന്നിരുന്ന ശബ്ദാവലികളും നിഘണ്ടുക്കളും കാലോചിതമായി പരിഷ്കരിക്കുമെന്ന്കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ അറിയിച്ചു. ശാസ്ത്രസാങ്കേതിക ശബ്ദാവലികൾ പരിഷ്കരിക്കുന്നതിന് ഒക്ടോബർ നാലിന് തിരുവനന്തപുരത്ത് ശിൽപ്പശാല സംഘടിപ്പിക്കും. വിവിധ വിഷയങ്ങളിൽ അവഗാഹമുള്ള പണ്ഡിതരും ശാസ്ത്രജ്ഞന്മാരും ശിൽപ്പശാലയിൽ പങ്കെടുക്കും.

വിജ്ഞാനശബ്ദാവലി, എൻജിനിയറിങ് ശബ്ദാവലി എന്നിവ 1970ൽ തന്നെ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ഇവ ഇതുവരെ പരിഷ്കരിച്ചിട്ടില്ല. കൃഷി ശാസ്ത്രം, ജന്തു ശാസ്ത്രം, സസ്യ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലും ശബ്ദാവലികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജാപ്പനീസ് മലയാളം നിഘണ്ടുവടക്കം നിരവധി നിഘണ്ടുക്കളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ നടത്താനുദ്ദേശിക്കുന്ന ശിൽപ്പശാലയെ തുടർന്ന് വിവിധ വിഷയങ്ങളെ സംബന്ധിച്ച് മലയാളത്തിൽ ചോദ്യശേഖരമുണ്ടാക്കുന്നതിനുള്ള ശിൽപ്പശാലയും നടത്തുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

ദേശാഭിമാനി Wed, 18 September 2
https://epaper.desh